(ബി) 1997-98 വർഷം നടന്ന ഉത്പാദനം എത്ര എന്ന് വ്യക്തമാക്കുമോ;

(സി) അസംസ്കൃത വസ്തുക്കളുടെ കുറവും കമ്പോണന്റ്സിന്റെ കുറവും ഉൽപാദനത്തെ ബാധിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ ഇത്തരം കുറവുകൾ പരിഹരിക്കുവാൻ എന്തെല്ലാം സംവിധാനമാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കേരളാ ഓട്ടോ മൊബൈൽസ് ലിമിറ്റഡിന്റെ ഉത്പാദനശേഷി വർഷത്തിൽ 7200 ത്രിചക്ര വാഹനങ്ങളാണ്.

(ബി) 1997-98 വർഷത്തിൽ 5775 വാഹനങ്ങൾ ഉത്പാദിപ്പിച്ചു.

(സി) നേരിയ തോതിൽ ബാധിച്ചിട്ടുണ്ട്.

(ഡി) പ്രസ്തുത കുറവുകൾ ഉത്പാദനത്തെ ബാധിക്കാതിരിക്കുവാൻ സെക്കന്റ് സോഴ്സ് കണ്ടുപിടിച്ച് ഡെവലപ് ചെയ്യാൻ വെണ്ടർ ഡെവലപ്മെന്റ് വിഭാഗം രൂപീകരിച്ചിട്ടുണ്ട്.

**18 (1244) പൊതുമേഖലാ സ്ഥാപനങ്ങളുടെ ഭരണം സഹകരണ സംഘങ്ങൾക്ക് നൽകുന്ന നടപടി**

ശ്രീ. ഇസ്ഹാക്ക് കുരിക്കൾ :
ശ്രീ. പി.കെ. അബ്ദുറബ്ബ് :
ശ്രീ. എ.വി. അബ്ദുറഹിമാൻ ഹാജി :
ശ്രീ. പി.കെ.കെ. ബാവ :
ശ്രീ. നാലകത്ത് സൂപ്പി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ ഭരണ ചുമതല തൊഴിലാളികളുടെ സഹകരണ സംഘങ്ങൾ ഉണ്ടാക്കി അവരെ ഏൽപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഏതൊക്കെ സ്ഥാപനങ്ങളാണ് ഇപ്രകാരം ഏൽപ്പിക്കുന്നത് എന്ന് അറിയിക്കുമോ;

(സി) ഇക്കാര്യത്തിൽ സർക്കാർ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ വ്യവസായ പൊതുമേഖലാ സ്ഥാപനങ്ങളുടെയും ഭരണ ചുമതല കഴിവതും പ്രവർത്തന പരിചയമുള്ള സാങ്കേതിക വിദഗ്ധരെ ഏൽപ്പിക്കുവാനാണ് ശ്രമിച്ചുകൊണ്ടിരിക്കുന്നത്. നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതു മേഖലാ സ്ഥാപനങ്ങളുടെ ഭരണ ചുമതല തൊഴിലാളികളുടെ സഹകരണ സംഘങ്ങൾ ഉണ്ടാക്കി അവരെ ഏൽപ്പിക്കുവാനുള്ള നിർദ്ദേശമൊന്നും ഇപ്പോൾ പരിഗണനയിലില്ല.

(ബി)&(സി) ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly